അഭിമുഖം

ശൈഖ് അഹ്മദ് കുട്ടി/ സദ്റുദ്ദീൻ വാഴക്കാട്



- ശാന്തപുരത്തെ ജീവിതം വായിക്കാനുള്ള അവസരങ്ങൾ തുറന്നിട്ടു
- മികച്ച ഒരു പ്രബോധന മാധ്യമമാണ് ഖറദാവി നേതൃത്വം നൽകുന്ന ഇസ്‌ലാം ഓൺലൈൻ
- പാശ്ചാത്യ-പൗരസ്ത്യ വിദ്യാഭ്യാസം നേടാനും അതുവഴി ഇരു സമൂഹങ്ങളെയും അടുത്തറിയാനും സാധിച്ചു
- പരമ്പരാഗത ഉലമാക്കൾ മധ്യകാല നൂറ്റാണ്ടുകളിലെ കിതാബുകളിൽ ജീവിക്കുകയാണ്. പുതിയ കാലത്തിന്റെ വെളിച്ചം അവരുടെ തലക്കകത്തില്ല

# വെല്ലുവിളികളെ നെഗറ്റീവായല്ല പോസിറ്റീവായി മറികടക്കണം

***ഹ്രസ്വ സന്ദർശനത്തിന് കേരളത്തിലെത്തിയ ശൈഖ് അഹ്മദ് കുട്ടി പ്രബോധനത്തിന് നൽകിയ അഭിമുഖം. ലളിത മനോഹരമായ ഇംഗ്ലീഷിലും ഇടക്ക് മുറിഞ്ഞുപോകുന്ന മലയാളത്തിലും ദീർഘമായി അദ്ദേഹം സംസാരിച്ചു. ആ സംഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങളിലൂടെ.........***

***താങ്കളുടെ വിദ്യാഭ്യാസ ജീവിതത്തെക്കുറിച്ച്?***

പത്താമത്തെ വയസിലാണ് ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ വിദ്യാർഥിയായി ചേരുന്നത്. അതിനു മുമ്പ് വളാഞ്ചേരി എടയൂരിലെ മദ്റസയിലും സ്കൂളിലുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ജമാഅത്തെ ഇസ്‌ലാമി കേരളയുടെ സ്ഥാപകൻ ഹാജി വി.പി മുഹമ്മദലി സാഹിബ് എന്റെ കുടുംബക്കാരനാണ്. അദ്ദേഹമാണ് എന്നെ ശാന്തപുരത്ത് പഠിക്കാൻ അയച്ചത്. പത്തുവർഷക്കാലം അവിടെ പഠിച്ചു. ഒന്നാം റാങ്കോടെയാണ് കോഴ്സ് പാസായത്. അതിനുശേഷം ഒരുവർഷം *പ്രബോധന*ത്തിൽ ജോലി ചെയ്തു.

***അക്കാലത്ത് ശാന്തപുരം കോളേജിലെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതകൾ?***

ഞങ്ങൾ പഠിച്ചിരുന്ന കാലത്ത് ശാന്തപുരത്തെ വിദ്യാഭ്യാസത്തിന് പലപ്രത്യേകതകളുമുണ്ടായിരുന്നു. ഇമാം ഗസ്സാലിയുടെ *ഇഹ്‌യാ ഉലൂമിദ്ദീൻ*, ഇബ്നുഖൽദൂന്റെ *മുഖദ്ദിമ* തുടങ്ങിയ ക്ലാസിക് കൃതികൾ പാഠപുസ്തകങ്ങളായിരുന്നത് അവിടുത്തെ പാഠ്യപദ്ധതിയുടെ മെച്ചമായിരുന്നു. ഇമാം ഗസ്സാലി സൂഫിസത്തിന്റെ വക്താവാണ്. *ഇഹ്‌യ*യെക്കുറിച്ച് എനിക്ക് ചെറുപ്പകാലത്തേ അറിയാമായിരുന്നു. മദ്റസയിൽ പഠിക്കുന്ന സമയത്ത്

## ശൈഖ് അഹ്മദ് കുട്ടി

കനഡയിൽ ദീർഘകാലമായി ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതനാണ് ശൈഖ് അഹ്മദ് കുട്ടി. മലപ്പുറം ജില്ലയിലെ വളാഞ്ചേരിക്കടുത്ത പൂക്കാട്ടിരി സ്വദേശിയായ അദ്ദേഹം 1946-ൽ ജനിച്ചു. ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽനിന്ന് ഫഖീഹ് ഫിദ്ദീൻ (1957-'67), മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽനിന്ന് ഉസ്വൂലുദ്ദീൻ (1968-'72) കോഴ്സുകൾ ഒന്നാം റാങ്കോടെ പാസ്സായി. ടൊറണ്ടോ യൂനിവേഴ്സിറ്റിയിൽനിന്ന് ഇസ്‌ലാമിക് സ്റ്റഡീസിൽ മാസ്റ്റർ ബിരുദവും (1972-'73) മൊൺട്രിയലിലെ മാക്ഗിൽ(McGill) യൂനിവേഴ്സിറ്റിയിൽനിന്ന് ഇസ്‌ലാമിക ശരീഅത്തിനെക്കുറിച്ച പഠനത്തിന് ഡോക്ടറേറ്റും(1975-'80) കരസ്ഥമാക്കി. ടൊറണ്ടോ ഇസ്‌ലാമിക് ഫൗണ്ടേഷൻ, ഇസ്‌ലാമിക് സെന്റർ എന്നിവയുടെ ഡയറക്ടറായി ദീർഘകാലം സേവനമനുഷ്ഠിച്ചു. ഇപ്പോൾ ടൊറണ്ടോ ഇസ്‌ലാമിക് ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ ലക്ചററായും ഇസ്‌ലാം ഓൺലൈൻ വെബ് സൈറ്റിന്റെ ഫത്‌വാ വിഭാഗത്തിലും പ്രവർത്തിക്കുന്നു. നിരവധി അന്താരാഷ്ട്ര സെമിനാറുകളിൽ പഠന പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിക ശരീഅത്ത്, ഫിഖ്ഹ്, ഓറിയന്റലിസം, ഇബ്നു തൈമിയ്യയുടെ രാഷ്ട്രീയ വീക്ഷണം, തസ്വവ്വുഫ് തുടങ്ങിയവയാണ് പ്രധാന വിഷയങ്ങൾ. 'ഇസ്‌ലാമിക രാഷ്ട്രീയം: ഇബ്നു തൈമിയ്യയുടെ കാഴ്ചപ്പാട്' എന്ന വിഷയത്തിൽ ഗവേഷണ പഠനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തത്ബീഖ്: ശാഹ് വലിയ്യുല്ലാഹിയുടെ വീക്ഷണം, അഖീദതു ത്വഹാവിയ്യ (പരിഭാഷ), ഇബ്നു തൈമിയ്യയുടെ അഖീദത്തുൽ വാസിതിയ ഒരു വിമർശന പഠനം, അൽ ഇൻസാഫു ഫീ ബയാനി അസ്ബാബിൽ ഇഖ്തിലാഫ് (പരിഭാഷ), ഇബ്നു ഖൽദൂന്റെ ശിഫാഉ സാഇൗൽ ഫീ തഹ്ദീബിൽ മസാഇൽ (വിശകലനം), ഖിലാഫത്ത്: സുന്നി-ശീഈ കാഴ്ചപ്പാടുകൾ (താരതമ്യപഠനം), ഖിലാഫത്തിന്റെ പതനവും മുസ്‌ലിം ലോകത്ത് അതിന്റെ പ്രതിഫലനവും, സ്വൂഫിസം ഇബ്നു തൈമിയ്യയുടെ സമീപനം, സോഷ്യൽ ജസ്റ്റിസ് ഇൻ ഇസ്‌ലാം- സയ്യിദ് ഖുത്വ്ബ് (പരിഭാഷ) തുടങ്ങിയ പുസ്തകങ്ങളും പഠന പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹാജിസാഹിബ് ക്ലാസെടുക്കാൻ വരുമ്പോൾ *ഇഹ്‌യാ* കൊണ്ടുവരുമായിരുന്നു. അത് അവലംബിച്ചാണ് അദ്ദേഹം പഠിപ്പിച്ചിരുന്നത്. ഇസ്‌ലാമിക സാമൂഹിക ശാസ്ത്ര പണ്ഡിതനാണ് ഇബ്നുഖൽദൂൻ.

ഇസ്‌ലാമിനെക്കുറിച്ച് വളരെ തുറന്ന കാഴ്ചപ്പാടാണ് ഞങ്ങൾ പഠിച്ചകാലത്ത് ശാന്തപുരം ഇസ്‌ലാമിയാകോളേജിൽ ഉണ്ടായിരുന്നത്. പരുഷവും കർക്കശവും നിയമത്തിന്റെ കള്ളികളാൽ നിയന്ത്രിക്കപ്പെട്ടതുമായിരുന്നില്ല അന്ന് അവിടുത്തെ പഠനവും ജീവിതവും. വായിക്കാനുള്ള തുറന്ന അവസരം ധാരാളമായി ലഭിച്ചിരുന്നു. ഇംഗ്ലീഷ്-അറബി ഭാഷാ പ്രാവീണ്യം അവിടുത്തെ പഠനത്തിലൂടെയും വായനയിലൂടെയുമാണ് വളർത്തിയെടുക്കാനായത്. ചെറുപ്പത്തിലേ എനിക്ക് ഇംഗ്ലീഷിൽ താൽപര്യമുണ്ടായിരുന്നു. ഗവേഷണം ചെയ്യാനും ചിന്തിക്കാനുമുള്ള വാഞ്ഛയും ശാന്തപുരത്തുനിന്നാണ് ഉണ്ടായത്. മദീന യൂനിവേഴ്സിറ്റിയെക്കാൾ പലതിലും ശാന്തപുരം അക്കാലത്ത് മുന്നിലായിരുന്നു. സങ്കുചിതവും നിയമത്തിന്റെ അതിർവരമ്പുകൾക്ക് അമിത പ്രാധാന്യം നൽകുന്നതുമായിരുന്നു മദീന യൂനിവേഴ്സിറ്റിയുടെ സംവിധാനം. ഏകമുഖമായിരുന്നു അത്. ശാന്തപുരത്ത് ഫൽസഫയും തസ്വവ്വുഫും സോഷ്യൽസയൻസുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതിയും കുട്ടികളെ വിശാലമായ ചിന്താലോകത്ത് വളരാൻ പ്രോത്സാഹിപ്പിക്കുന്ന സമീപനവുമൊക്കെയാണ് അന്ന് ഉണ്ടായിരുന്നത്. അതായിരുന്നു ശാന്തപുരത്തിന്റെ മെച്ചം.



▪ ഫൈസൽ രാജാവ്

***വിദേശയാത്ര എങ്ങനെയായിരുന്നു?***

ഇസ്‌ലാമിക് യൂനിവേഴ്സിറ്റി ഓഫ് മദീനയിൽ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം ലഭിച്ചു. ടി.കെ ഇബ്റാഹീം, ഹൈദറലി ശാന്തപുരം തുടങ്ങിയവർ ശാന്തപുരത്ത് എന്റെ സീനിയറായിരുന്നുവെങ്കിലും മദീനയിൽ സതീർഥ്യരായിരുന്നു. 1972-ൽ ഒന്നാം റാങ്കോടെ മദീന യൂനിവേഴ്സിറ്റിയിലെ കോഴ്സ് പൂർത്തിയായി. ടൊറണ്ടോ യൂനിവേഴ്സിറ്റിയിൽ ഉന്നതപഠനത്തിന് അവസരം ലഭിച്ചു. ഓറിയന്റലിസത്തെക്കുറിച്ച് പഠിക്കാൻ എനിക്ക് അതിയായ ആഗ്രഹമുണ്ടായിരുന്നു. ടൊറണ്ടോ യൂനിവേഴ്സിറ്റിയിലെ പഠനത്തിനുശേഷം ടൊറണ്ടോ ഇസ്‌ലാമിക് സെന്റർ കേന്ദ്രീകരിച്ച് പ്രബോധന പ്രവർത്തനങ്ങളിൽ പങ്കാളിയായി. ഫൈസൽ രാജാവായിരുന്നു സെന്ററിന് വേണ്ടി പണം മുടക്കിയത്. സെന്ററിൽ ഖുത്‌ബ നിർവഹിക്കുക, സംശയ നിവാരണങ്ങൾ നടത്തുക, യൂനിവേഴ്സിറ്റിയിൽ ഇസ്‌ലാമിക വിഷയങ്ങളെക്കുറിച്ച് ക്ലാസെടുക്കുക തുടങ്ങിയവയായിരുന്നു എന്റെ ഉത്തരവാദിത്വം. പിന്നീട് മോൺട്രിയയിലെ മാക്ഗിൽ യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ്

**കിഴക്കിനും പടിഞ്ഞാറിനുമിടക്ക് ആശയ സംവേദനങ്ങളുടെ പാലം ഇനിയും പണിയേണ്ടതായിട്ടാണുള്ളത്. രണ്ടു സംസ്കാരങ്ങൾക്ക്, നാഗരികതകൾക്ക് പരസ്പരം സംവദിക്കാനും അടുക്കാനും കഴിയണം. ഖുർആൻ പറയുന്നുണ്ടല്ലോ, കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണെന്ന്. ഇതൊരു സാർവലൗകിക വീക്ഷണമാണ്.**

എടുത്തു. അതിനുശേഷം 1979-ൽ ടൊറണ്ടോ ഇസ്‌ലാമിക് സെന്ററിന്റെ ചെയർമാനായി ചുമതലയേറ്റു. അക്കാലത്ത് പ്രബോധന പ്രവർത്തനങ്ങൾ സജീവമായി നടത്താൻ ശ്രമിച്ചു. അമുസ്‌ലിംകളെ പള്ളിയിലേക്കു ക്ഷണിച്ചു. ക്ഷണം സ്വീകരിച്ച് കുറേപേർ ഖുർആൻ പഠനക്ലാസുകളും പ്രഭാഷണങ്ങളും കേൾക്കാൻ വന്നു തുടങ്ങി. ഇത് അവിടുത്തെ മുസ്‌ലിംകളിൽ ചിലർക്ക് ഇഷ്ടപ്പെട്ടില്ല. അമുസ്‌ലിംകളെ പള്ളിയിലേക്ക് ക്ഷണിക്കുന്നതിന് അവർ എതിരായിരുന്നു. എന്നാൽ ഒരു വിഭാഗം എന്നെ അനുകൂലിക്കുകയും പള്ളിയിലേക്ക് അമുസ്‌ലിംകളെ ക്ഷണിക്കുന്നത് അംഗീകരിക്കുകയും ചെയ്തു. എതിർത്തവരോട് ഞാൻ പറഞ്ഞു: 'ഞാൻ ദഅ്‌വത്ത് നിർവഹിക്കുകയാണ്. ഹൈസ്‌കൂളിൽനിന്നും കോളേജിൽനിന്നും ധാരാളം കുട്ടികൾ കൂട്ടത്തോടെ വരുന്നുണ്ട്. ഇത് ഇസ്‌ലാമിക പ്രബോധനത്തിന് ഗുണകരമാണ്.' പക്ഷേ, പള്ളിയുടെ ഉത്തരവാദപ്പെട്ടവർക്ക് അത് ഇഷ്ടപ്പെട്ടില്ല. അങ്ങനെ ഞാൻ അവിടെനിന്ന് രാജിവെച്ചു. അതിന് ശേഷം ഇസ്‌ലാമിക് ഫൗണ്ടേഷൻ ഓഫ് ടൊറണ്ടോയുടെ ഡയറക്ടറായി. വലിയൊരു സെന്റർ സ്ഥാപിക്കാൻ അവർക്കാഗ്രഹമുണ്ടായിരുന്നു. കുറച്ചുകാലം അവിടെ പ്രവർത്തിച്ചു.

എന്നാൽ അവിടെയും യാഥാസ്ഥിതിക ചിന്താഗതിക്കാർ ഉണ്ടായിരുന്നു. അവരും ഞാനും തമ്മിൽ ആശയപരമായ സംഘട്ടനങ്ങൾ ഉണ്ടായി. ഖുത്ബ അറബിയിൽ വേണം എന്ന് അവർ വാദിച്ചു. ഞാൻ ഇംഗ്ലീഷിലാണ് ഖുത്ബ നടത്തിയിരുന്നത്. വിദ്യാസമ്പന്നരായ കുറേയാളുകൾ എന്റെ പക്ഷത്തുനിന്നു. അങ്ങനെ ഞങ്ങൾ ഫൗണ്ടേഷൻ വിടുകയും 'ഇസ്‌ലാമിക് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുകയും ചെയ്തു. വിദ്യാഭ്യാസവും പ്രബോധനവുമാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാനലക്ഷ്യം; പള്ളിയല്ല. നമസ്‌കാരം എവിടെവെച്ചുമാകാം. നമുക്കിവിടെ ആവശ്യം വിദ്യാഭ്യാസവും പ്രബോധനവുമാണ്. അതിനാണ് ഇൻസ്റ്റിറ്റ്യൂട്ട് മുൻഗണന കൊടുത്തത്.

*ഇസ്‌ലാം ഓൺലൈൻ* വെബ്‌സൈറ്റിന്റെ ഇംഗ്ലീഷ് വിഭാഗം ആരംഭിച്ചപ്പോൾ അതുമായി സഹകരിക്കാൻ എന്നെയും ക്ഷണിച്ചു. ഡോ. യൂസുഫുൽ ഖറദാവിയുടെ നേതൃത്വത്തിലുള്ള ഏറ്റവും മികച്ച പ്രബോധന മാധ്യമമാണ് ഇന്ന് ഇസ്‌ലാം ഓൺലൈൻ. അതിന്റെ ഫത്‌വാ വിഭാഗത്തിലും ഞാൻ സജീവമായി പ്രവർത്തിച്ചു വരുന്നു.

***കനഡയെക്കുറിച്ച്, അവിടുത്തെ ഇസ്‌ലാമിക ജീവിതം?***

കനഡയിൽ ഇസ്‌ലാമികമായി ജീവിക്കാനും പ്രബോധന പ്രവർത്തനങ്ങൾ നടത്താനും അവസരമുണ്ട്, നിയമപരമായ സ്വാതന്ത്ര്യമുണ്ട്. കനേഡിയൻ ജനത പൊതുവിൽ തുറന്ന മനസുള്ളവരും നല്ലവരുമാണ്. അപവാദങ്ങൾ ഉണ്ടാകാം. അത് എല്ലാ രാഷ്ട്രങ്ങളിലെ ജനവിഭാഗങ്ങളിലും ഉള്ളതാണ്. പക്ഷേ, കനഡയിൽ ഇസ്‌ലാമിന് അനുകൂലമായ അന്തരീക്ഷമാണുള്ളത്. ആ സമൂഹത്തെ അനുഭവിച്ചറിയാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ മനുഷ്യർക്കും അന്തസും ആദരവും കനേഡിയൻ ജനത നൽകുന്നു.

കനഡയിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ സജീവമാണ്. അമുസ്‌ലിംകൾക്കുവേണ്ടി വിവിധതരം പരിപാടികൾ സംഘടിപ്പിക്കുന്നു. തുറന്ന ചർച്ചകൾ നടക്കുന്നു. യൂനിവേഴ്‌സിറ്റി പ്രഫസർമാരും ഡോക്ടർമാരും കോളേജ് വിദ്യാർഥികളും ഉൾപ്പെടെ ധാരാളം ആളുകൾ അവയിൽ പങ്കെടുക്കുന്നു. ഇസ്‌ലാമിക് സെന്ററുകളിൽ ജുമുഅ ഖുത്ബ കേൾക്കാനും ധാരാളം അമുസ്‌ലിം സഹോദരന്മാർ വരുന്നു. ആദ്യമൊക്കെ മുസ്‌ലിം യാഥാസ്ഥിതികർ അതിനെ എതിർത്തിരുന്നു. പക്ഷേ, ഇപ്പോൾ അതിന്റെ ആവശ്യകത അവർക്കും ബോധ്യമായിരിക്കുന്നു. കനഡയിലെ മസ്ജിദുകൾ 'തുറന്ന ഭവനങ്ങൾ' (open houses) ആണ്. ജനങ്ങൾക്ക് മുമ്പിൽ മതം നോക്കാതെ വാതിലുകൾ തുറന്നിടുന്നു. അമുസ്‌ലിംകൾ അവിടെ വരികയും ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുകയും സംശയങ്ങൾ ചോദിക്കുകയും ചെയ്യും. ക്രിസ്ത്യൻ സഹോദരന്മാരുടെ ചർച്ചുകളിൽ നമ്മൾ പോവുകയും അവരുമായി ചർച്ചകൾ നടത്തുകയും ചെയ്യാറുണ്ട്.

***കനഡയിലെ ഭരണരീതി?***

കനഡയിൽ പാർലമെന്ററി ഭരണ സംവിധാനമാണ്. പ്രസിഡന്റിനല്ല, പ്രധാനമന്ത്രിക്കാണ് ഭരണനേതൃത്വം. മൂന്ന് രാഷ്ട്രീയപാർട്ടികളാണ് കനഡയിലുള്ളത്. ഒന്ന്, കൺസർവേറ്റീവ് പാർട്ടി - അമേരിക്കയിലെ റിപ്പബ്ലിക്കൻപാർട്ടി പോലെയാണിത്. ലിബറൽ പാർട്ടിയാണ് രണ്ടാമത്തേത്. അമേരിക്കയിലെ ഡെമോക്രാറ്റിക് പാർട്ടിയോടാണ് ഇതിന് സാമ്യം. എൻ.ഡി.പി(നാഷ്നൽ ഡെമോക്രാറ്റിക് പാർട്ടി)യാണ് മൂന്നാമത്തേത്. ഇതൊരു ഇടതുപക്ഷ പാർട്ടി

**കനഡയിലെ മസ്ജിദുകൾ 'തുറന്ന ഭവനങ്ങൾ' (open houses) ആണ്. ജനങ്ങൾക്ക് മുമ്പിൽ മതം നോക്കാതെ വാതിലുകൾ തുറന്നിടുന്നു. അമുസ്‌ലിംകൾ അവിടെ വരികയും ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുകയും സംശയങ്ങൾ ചോദിക്കുകയും ചെയ്യും. ക്രിസ്ത്യൻ സഹോദരന്മാരുടെ ചർച്ചുകളിൽ നമ്മൾ പോവുകയും അവരുമായി ചർച്ചകൾ നടത്തുകയും ചെയ്യാറുണ്ട്.**



▪ ഇസ്‌ലാമിക് ഫൗണ്ടേഷൻ ടൊറണ്ടോ



■ മുഹമ്മദുൽ ഗസ്സാലി

**മുഹമ്മദുൽ ഗസ്സാലി ഒരിക്കൽ അമേരിക്കയും യൂറോപ്പും സന്ദർശിച്ചപ്പോൾ പറയുകയുണ്ടായി, "യൂറോപ്പിൽ എനിക്ക് ഇസ്‌ലാമിനെ ധാരാളമായി കാണാൻ കഴിഞ്ഞു, മുസ്‌ലിം കൾ എണ്ണത്തിൽ കുറവാണെങ്കിലും. പൗരസ്ത്യ ലോകത്ത് ഇസ്‌ലാമിനെ കുറച്ചു മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ; മുസ്‌ലിംകൾ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും."**

യാണ്.

സെനറ്റും (105 സെനറ്റർമാർ) ഹൗസ് ഓഫ് കോമൺസും (308 എം.പിമാർ) ചേർന്ന് 413 അംഗ പാർലമെന്റാണ് കനഡയി ലേത്. ഏതാനും മുസ്‌ലിം അംഗങ്ങളും കനേഡിയൻ പാർല മെന്റിലുണ്ട്. മുസ്‌ലിം സ്ത്രീകളും പാർലമെന്റിൽ അംഗങ്ങളാ ണ്.

***രണ്ട് സമൂഹങ്ങളെ, സംസ്കാരങ്ങളെ പഠിക്കാനും അടുത്ത റിയാനും താങ്കൾക്ക് സാധിച്ചിട്ടുണ്ടല്ലോ***

അൽഹംദുലില്ലാഹ്, പൗരസ്ത്യ-പാശ്ചാത്യ വിദ്യാഭ്യാ സവും വിജ്ഞാനവും ആർജിക്കാൻ കഴിഞ്ഞത് ഒരു വലിയ നേട്ടമായി ഞാൻ കാണുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേ ജ്, മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്ന് ഇസ്‌ലാമിനെയും പൗരസ്ത്യ ലോകത്തെയും, അടിസ്ഥാനപ രമായി കേരളീയനായതുകൊണ്ട് നമ്മുടെ സമൂഹത്തെയും മന സിലാക്കാൻ കഴിഞ്ഞു. കേരളം, മിഡിൽ ഈസ്റ്റ്, യൂറോപ്പ് എന്നി വിടങ്ങളിൽനിന്നായി പൗരസ്ത്യ-പാശ്ചാത്യ വിദ്യാഭ്യാസം നേടാനും രണ്ടു സമൂഹങ്ങളെയും അറിയാനും സാധിച്ചതിനാൽ രണ്ടു ഭാഗത്തുമുള്ള നന്മകളും തിന്മകളും, ശരിയും തെറ്റും മനസ്സിലാക്കാൻ സാധിച്ചു. ഓറിയന്റലിസത്തെക്കുറിച്ചും യൂറോ പ്യൻ നാഗരികതയെക്കുറിച്ചും ആഴത്തിൽ മനസിലാക്കാൻ അവസരമുണ്ടായി.

***പാശ്ചാത്യ-പൗരസ്ത്യ സംസ്കാരങ്ങൾ തമ്മിലുള്ള സംവാ ദങ്ങൾക്കും മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾക്കും എത്ര ത്തോളം പ്രസക്തിയുണ്ട്?***

കിഴക്കിനും പടിഞ്ഞാറിനുമിടക്ക് ആശയ സംവേദനങ്ങ ളുടെ പാലം ഇനിയും പണിയേണ്ടതായിട്ടാണുള്ളത്. രണ്ടു സംസ്കാരങ്ങൾക്ക്, നാഗരികതകൾക്ക് പരസ്പരം സംവദി ക്കാനും അടുക്കാനും കഴിയണം. ഖുർആൻ പറയുന്നുണ്ടല്ലോ, കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാണെന്ന്. ഇതൊരു സാർവലൗകിക വീക്ഷണമാണ്. ഇത് നാം ഉയർത്തിപ്പിടിക്ക ണം. അപ്രകാരം എല്ലാ മതങ്ങൾക്കുമിടയിലും പരസ്പര സഹ കരണത്തിന്റെയും ആശയസംവാദങ്ങളുടെയും പാലം പണി യേണ്ടതുണ്ട്. ഖുർആൻ പറയുന്നുണ്ട്, ഇസ്‌ലാം പുതിയ ഒരു മതമല്ല, എല്ലാ പ്രവാചകന്മാർക്കും അല്ലാഹു നൽകിയ സത്യ സന്ദേശം തന്നെയാണ് മുഹമ്മദ് നബിക്കും ലഭിച്ചത്. ഈസാ, മൂസാ, ഇബ്റാഹീം തുടങ്ങിയ മറ്റു മതസ്ഥർ ആദരിക്കുന്ന പ്രവാചകന്മാരുടെ സന്ദേശത്തിന്റെ തുടർച്ചയും പൂർത്തീകര ണവുമാണ് മുഹമ്മദ് നബിയുടേത്. ഈ ഒരു പോയിന്റിൽനി ന്നുകൊണ്ട് മറ്റുമതങ്ങളുമായി ബന്ധം സ്ഥാപിക്കാൻ സാധി ക്കണം.

ഇസ്‌ലാം, ക്രിസ്ത്യൻ, ഹിന്ദു, ജൂത മതങ്ങൾക്കിടയിൽ തുറന്ന സംവാദങ്ങൾ സാധ്യമാകണം. മതങ്ങളെക്കുറിച്ച തുറന്ന പഠനങ്ങളുണ്ടാകണം. എല്ലാ മതക്കാരും മറ്റു മതങ്ങളെക്കുറിച്ച് പഠിക്കണം. മനുഷ്യസമൂഹം നേരിടുന്ന പലതരം വെല്ലുവിളി കളുണ്ട്. അവയെ നേരിടുന്നതിലും മതങ്ങൾ തമ്മിൽ യോജി ക്കണം. അത്തരം സംവാദങ്ങളും ചർച്ചകളും നടക്കേണ്ടതുണ്ട്. മനുഷ്യരാശി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ മ തവിഭാഗങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്ക് ബാധ്യത യുണ്ട്.

***പ്രബോധന പ്രവർത്തനങ്ങളുടെ രീതിയെക്കുറിച്ച്?***

യൂനിവേഴ്സിറ്റി വിദ്യാർഥികളും ചർച്ച് പ്രതിനിധികളും സാധാരണക്കാരും ഉൾപ്പെടെ വലിയൊരു വിഭാഗത്തിന് ഇസ്‌ലാ മിക സന്ദേശം കൈമാറാൻ കനഡയിലെ പ്രവർത്തനങ്ങൾ വഴി സാധിച്ചു. ഇസ്‌ലാമിനെക്കുറിച്ച് ധാരാളം തെറ്റിദ്ധാരണകളും എതിരഭിപ്രായങ്ങളും അവിടുത്തെ ജനങ്ങൾക്കുണ്ടായിരുന്നു. അതിനെയെല്ലാം മറികടക്കാൻ കഴിയുന്നവിധം ഉയർന്ന നില വാരത്തിൽ ബുദ്ധിപരമായി ഇസ്‌ലാമിനെ അവതരിപ്പിക്കാനാണ് ശ്രമിച്ചിരുന്നത്. ഇസ്‌ലാമിനെക്കുറിച്ച തെറ്റിദ്ധാരണകൾക്കും നെഗറ്റീവ് കാഴ്ചപ്പാടുകൾക്കും ഉത്തരവാദികൾ മുസ്‌ലിംകളും കൂടിയാണ്. വെല്ലുവിളികൾ ഏറ്റെടുത്ത് ഇസ്‌ലാമിനെ ബുദ്ധി പരമായി പ്രതിനിധീകരിക്കാനും എതിർപ്പുകളെ ആശയപര മായി പ്രതിരോധിക്കാനും മുസ്‌ലിം സമൂഹം കരുത്താർജിക്കേ ണ്ടതുണ്ട്. ഇത്തരം ഒരു ബൗദ്ധിക സമീപനത്തിന് കാനഡ യിലും യൂറോപ്യൻ രാജ്യങ്ങളിലും സാധ്യതകൾ ഉണ്ട്. ആശ യങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന തുറന്ന സമൂഹമാണത്. ആശ യങ്ങൾ അവതരിപ്പിക്കാനും അതേകുറിച്ച് ചർച്ച ചെയ്യാനും വലിയ സാധ്യതകൾ അവിടെയുണ്ട്. ഇത് ഉപയോഗപ്പെടുത്തി ബുദ്ധിപരമായി ഇസ്‌ലാമിനെ അവതരിപ്പിക്കുകയാണ് നമ്മുടെ ബാധ്യത. സന്ദർഭോചിതമായ മാധ്യമങ്ങളും രീതികളും അതിന് സ്വീകരിക്കണം. പ്രതിപ്രവർത്തനങ്ങളോ തിരിച്ചടിയുടെ രീതിയോ അല്ല, തികച്ചും പോസിറ്റീവായാണ് ഇസ്‌ലാമിനെ തിരായ പ്രചാരണങ്ങളെ പ്രബോധനപ്രവർത്തനങ്ങളിലൂടെ നാം മറികടക്കേണ്ടത്. എന്നാൽ, ക്ഷമാപണ സ്വരത്തിൽ ആകാനും പാടില്ല.

***അമേരിക്കൻ യൂറോപ്യൻ സമൂഹത്തിന്റെ എടുത്തു പറയേണ്ട പ്രത്യേകതകൾ?***

ഒരു വാചകത്തിൽ ഒതുക്കി പറയാവുന്നതല്ല, യൂറോപ്യൻ സമൂഹത്തിന്റെ സവിശേഷത. പൗരസ്ത്യ ലോകത്തെ അപേക്ഷിച്ച് പല സവിശേഷതകളും അവർക്കുണ്ട്. തുറന്ന സമീപനം (oppenness) സ്വീകരിക്കാൻ കഴിയുന്നുവെന്നതാണ് യൂറോപ്യൻ സമൂഹത്തിന്റെ പ്രധാന സവിശേഷത. അവർ അടഞ്ഞ സമൂഹം (closed society) അല്ല. ഇതിനെ സാമാന്യവത്കരിക്കാൻ പറ്റില്ല. വംശീയവാദികളും റാസിസ്റ്റ് മനോഭാവമുള്ളവരും അവിടെയുണ്ട്. എങ്കിലും പൊതുവെ യൂറോപ്യൻ ജനത തുറന്ന മനസുള്ളവരാണ്. ചരിത്രപരമായി അവരുടെയും നമ്മുടെയും അനുഭവങ്ങൾ വ്യത്യസ്തമാണ്. ദീർഘകാലത്തെ ആശയ സംഘട്ടനങ്ങൾക്കും സംഘർഷങ്ങൾക്കും ശേഷമാണ് അവർ ഇത്തരമൊരു തുറന്ന മനസ്സിലേക്ക് എത്തിയത്. യൂറോപ്യൻ നവോത്ഥാനം അതിൽ മുഖ്യപങ്കാണ് വഹിച്ചത്.

ഇസ്‌ലാമിന്റെ പല മൂല്യങ്ങളും യൂറോപ്യൻ സമൂഹത്തിൽ നമുക്ക് കാണാൻ കഴിയും; മുസ്‌ലിംകൾ കുറവാണെങ്കിലും. മുഹമ്മദുൽ ഗസ്സാലി ഒരിക്കൽ അമേരിക്കയും യൂറോപ്പും സന്ദർശിച്ചപ്പോൾ പറയുകയുണ്ടായി, "യൂറോപ്പിൽ എനിക്ക് ഇസ്‌ലാമിനെ ധാരാളമായി കാണാൻ കഴിഞ്ഞു, മുസ്‌ലിംകൾ എണ്ണത്തിൽ കുറവാണെങ്കിലും. പൗരസ്ത്യ ലോകത്ത് ഇസ്‌ലാമിനെ കുറച്ചു മാത്രമേ കാണാൻ സാധിച്ചിട്ടുള്ളൂ; മുസ്‌ലിംകൾ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും."

മനുഷ്യാവകാശം, എല്ലാവരോടും ആദരവ്, എല്ലാവർക്കും അന്തസ്സ്, ആശയ സ്വാതന്ത്ര്യം, അച്ചടക്കം, നിയമങ്ങളോടുള്ള ആദരവും അത് പാലിക്കുന്നതിലുള്ള കൃത്യതയും തുടങ്ങിയ ഇസ്‌ലാമിക മൂല്യങ്ങൾ യൂറോപ്യൻ സമൂഹത്തിൽ കാണാം.

***ഇസ്‌ലാമും മുസ്‌ലിം സമൂഹവും യൂറോപ്പിനെ സ്വാധീനിച്ചിട്ടുണ്ടല്ലോ.***

തീർച്ചയായും. ഇസ്‌ലാമിക നാഗരികതയുടെ സവിശേഷതയാണ് സഹിഷ്ണുത, ബഹുസ്വരത, എല്ലാവരെയും ഉൾക്കൊള്ളാനും ആശയപരമായി സംവദിക്കാനുമുള്ള ഇടം, തുറന്ന സമീപനം തുടങ്ങിയവ. സ്പെയിനിലും ബാഗ്ദാദിലുമൊക്കെ ഇതിന്റെ മികച്ച ഉദാഹരണങ്ങൾ നമുക്ക് കാണാം. പടിഞ്ഞാറൻ ജനത ഇതെല്ലാം പഠിച്ചത് ഇസ്‌ലാമിക നാഗരികതയിൽനിന്നും മുസ്‌ലിം സമൂഹത്തിൽനിന്നുമാണ്. യൂറോപ്പിൽ നവോത്ഥാനത്തിന്റെ വെളിച്ചം വീശിയതിനു പിന്നിൽ ഇസ്‌ലാമിന്റെ വലിയ സ്വാധീനവും സംഭാവനകളുമുണ്ടെന്നത് വിസ്മരിക്കാനാവില്ല. ഇത്തരം മൂല്യങ്ങൾ മുസ്‌ലിംകളിൽനിന്ന് കടമെടുത്ത യൂറോപ്യർ അത് പഠിക്കുകയും കൂടുതൽ വികസിപ്പിക്കുകയും ചെയ്തു. എന്നാൽ, മുസ്‌ലിം സമൂഹം തങ്ങളുടെ കൈവശമുണ്ടായിരുന്ന ഇത്തരം മഹിതമൂല്യങ്ങളിൽനിന്ന് കാലക്രമത്തിൽ പുറകോട്ട് പോവുകയാണുണ്ടായത്. ബഹുസ്വരതയെ ഉൾക്കൊള്ളാൻ മടിക്കുന്ന, അസഹിഷ്ണുത പ്രകടിപ്പിക്കുന്ന, അടഞ്ഞ സമൂഹമായി പല സന്ദർഭങ്ങളിലും മുസ്‌ലിംകൾ മാറി.

ഇസ്‌ലാമിക കർമശാസ്ത്രം  ഇതിന്റെ ഒരു ഉദാഹരണമാണ്. പതിമൂന്നോളം കർമശാസ്ത്ര സരണികൾ - ഫിഖ്ഹ് മദ്ഹബുകൾ- മുസ്‌ലിം സമൂഹത്തിലുണ്ടായിരുന്നു. ഇന്ന് നാലെണ്ണം മാത്രമേ നമുക്ക് സജീവമായി നിലനിൽക്കുന്നുള്ളൂ. ചിലത് പുസ്തകങ്ങളിൽ ശേഷിക്കുന്നുണ്ട്. മറ്റുചിലത് അങ്ങനെയും ഇല്ല, നാമാവശേഷമായിപ്പോയി. മദ്ഹബുകൾ തമ്മിലുള്ള സംഘർഷത്തിൽ നാല് എണ്ണത്തിനുമാത്രമാണ് അതിജീവിക്കാനായത്. മുസ്‌ലിം സമൂഹത്തിനകത്തുതന്നെയുള്ള സങ്കുചിത വീക്ഷണത്തിന്റെ, അസഹിഷ്ണുതയുടെ ഫലമായിരുന്നു ഇത്. തത്ത്വശാസ്ത്രം, ജീവിതവീക്ഷണം, ഭിന്നവീക്ഷണക്കാർക്കിടയിലെ പരസ്പര ബന്ധങ്ങൾ തുടങ്ങിയവയിലെല്ലാം അനാരോഗ്യകരമായ ഈ സ്ഥിതിവിശേഷം ഉണ്ട്. എല്ലാവരും എല്ലാ സന്ദർഭത്തിലും ഇങ്ങനെയാണെന്നല്ല പറഞ്ഞുവരുന്നത്. പക്ഷേ, മുസ്‌ലിം സമൂഹം ഇസ്‌ലാമിന്റെ ബഹുസ്വരതയെയും തുറന്ന മനഃസ്ഥിതിയെയും കുറേക്കൂടി ക്രിയാത്മകമായി ഉൾക്കൊള്ളേണ്ടതുണ്ട്.

***അമേരിക്ക=ഭീകരത എന്നൊരു കാഴ്ചപ്പാട് ലോകമെങ്ങുമുണ്ട്. പുറത്ത് ലോകം അനുഭവിക്കുന്ന അമേരിക്ക തന്നെയാണോ അമേരിക്കയുടെ അകത്തും? അമേരിക്കൻ ജനതയുടെ നിലപാടെന്താണ്?***

അമേരിക്ക നിലകൊള്ളുന്ന കുറേ അടിസ്ഥാന മൂല്യങ്ങൾ ഉണ്ട്. അവ പൊതുവെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതും സമത്വവും സ്വാതന്ത്ര്യവും ഉയർത്തിപ്പിടിക്കുന്നതുമാണ്. അതിന്റെ നന്മകൾ ഇപ്പോഴും നമുക്ക് അമേരിക്കൻ ജനതയിൽ കാണാം. എന്നാൽ അമേരിക്കൻ ഭരണകൂടത്തെ നിയന്ത്രിക്കുന്നത് അടിസ്ഥാന തത്ത്വങ്ങളെക്കാളേറെ കോർപറേറ്റുകളുടെയും മറ്റും നിക്ഷിപ്ത താൽപര്യങ്ങളാണ്. വൻകിട കോർപറേറ്റുകളിൽനിന്നും ആയുധ ഉൽപാദകർ, വ്യാപാരികൾ, ഭീമൻ കുത്തകകൾ തുടങ്ങിയവരിൽനിന്നും കടുത്ത സമ്മർദം യു.എസ് ഭരണകൂടത്തിന് നേരിടേണ്ടിവരുന്നു. ഈ സമ്മർദങ്ങളെ മറികടന്ന് ഭരണാധികാരികൾക്ക് മുന്നോട്ടുപോവാൻ കഴിയില്ല. ഭരണാധികാരികൾക്കുതന്നെയും അവരുടേതായ താൽപര്യങ്ങൾ, പാർട്ടി താൽപര്യങ്ങൾ വേറെയും ഉണ്ടാകും. ഇതൊക്കെയാണ് വസ്തുത. കോർപറേറ്റുകളും മറ്റു നിക്ഷിപ്തതാൽപര്യക്കാരും നടത്തുന്ന ഷോകളാണ് ഇന്ന് നാം കാണുന്ന അമേരിക്ക. അമേരിക്കൻ ജനത അക്രമണോത്സുകരും മറ്റു സംസ്കൃതികളോട് അടിസ്ഥാനപരമായി വിദ്വേഷമുള്ളവരുമാണെന്ന ധാരണ ശരിയല്ല. സങ്കുചിത താൽപര്യക്കാർ തങ്ങളുടെ അജണ്ട ഭരണകൂടത്തിനുമേൽ അടിച്ചേൽപിക്കുകയും മീഡിയയെ മാനിപുലേറ്റ് ചെയ്യുകയാണ് യഥാർഥത്തിൽ നടക്കുന്നത്. മീഡിയാ മാനിപുലേഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് ഇന്നത്തെ അമേരിക്കയുടെ കാര്യത്തിൽ കൂടുതൽ ഗൗരവപ്പെട്ടതുമാണ്.

നാം കാണുന്നത് അമേരിക്കയുടെ ഇത്തരം ഒരുമുഖം മാത്രമാണ്. യഥാർഥത്തിൽ അമേരിക്കക്ക് മറ്റൊരു മുഖമുണ്ട്. അതാണ് അകത്തുള്ള ജനതയുടെ യഥാർഥ അമേരിക്ക. വളരെ സ്വതന്ത്രമായ വിദ്യാഭ്യാസ സിസ്റ്റമാണ് അമേരിക്കയിലുള്ളത്. അക്കാദമിക് സ്വാതന്ത്ര്യം വലിയ അളവിൽ അവിടെയുണ്ട്. യൂനിവേഴ്സിറ്റികളിൽ ധാരാളം സ്വതന്ത്ര ചർച്ചകളും ഗവേഷണങ്ങളും നടക്കുന്നു. മാത്രമല്ല, അമേരിക്കൻ കോർപറേറ്റുകളുടെയും ഭരണാധികാരികളുടെയും നിലപാടുകളോട് ശക്തമായി വിയോജിക്കുന്നു. അവരുടെ നയവൈകല്യങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന നിരവധി ബുദ്ധിജീവികൾ അമേരിക്കയിലുണ്ട്. അമേരിക്കകത്തുനിന്നുകൊണ്ട് അമേരിക്കയെ വിമർശിക്കുന്ന നിരവധി പുസ്തകങ്ങൾ അവർ എഴുതിയിട്ടുണ്ട്. അമേരിക്കക്ക് അതിന്റെ മൂല്യങ്ങൾ നഷ്ടപ്പെടുന്നതായി, അമേരിക്ക തന്നെ ക്ഷയിക്കുന്നതായി അവർ ചൂണ്ടിക്കാണിക്കുന്നു. ഇന്റർനെറ്റിൽ ഇതുസംബന്ധിച്ച് ധാരാളം പഠനങ്ങൾ ലഭ്യമാണ്. 'ചരിത്രവുമായി മുഖാമുഖം' (conversations with history) എന്ന തലക്കെട്ടിൽ അഭിമുഖങ്ങൾ യൂട്യൂബിൽ കാണാൻ കഴി

**നമ്മുടെ ദൗർബല്യങ്ങളെ, ആസൂത്രണമില്ലായ്മയെ ജൂതഗൂഢാലോചനയുടെയോ മറ്റോ പേരുപറഞ്ഞ് മറ്റുള്ളവരുടെ തലയിൽ കെട്ടിവെക്കാനാണ് നാം ശ്രമിക്കുന്നത്. ഇതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? വെല്ലുവിളികളെ നെഗറ്റീവായല്ല, പോസിറ്റീവായി സമീപിക്കുകയും വിജയകരമായി മറികടക്കുകയും വേണം. 'ഒരു ജനതയും സ്വയം മാറാത്ത കാലത്തോളം അല്ലാഹു അവരെ മാറ്റുകയില്ല' എന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്.**



■ ഇബ്നു ഖൽദൂൻ

യും. യൂനിവേഴ്സിറ്റി ഓഫ് ബർക്‌ലിൻ ഉൾപ്പെടെ ഉന്നത സർവകലാശാലകളിലെ ഗവേഷകരും മറ്റും ഈ വിഷയത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബുഷോ ഒബാമയോ അല്ല യഥാർഥ അമേരിക്ക. അമേരിക്കൻ ഭരണകൂടം മുസ്‌ലിംകളെ കാണുന്നപോലെ തന്നെ, നാം അമേരിക്കയെയും കാണുകയാണ്. ഈ ഒരു വശം കൂടി നാം മനസിലാക്കണം. ഭരണാധികാരികൾ ജനതയെ പ്രതിനിധീകരിക്കുന്നില്ല.

***ജൂത താൽപര്യങ്ങൾ, ഗൂഢാലോചനകൾ എത്രത്തോളം അമേരിക്കൻ ഭരണകൂടത്തെ സ്വാധീനിക്കുന്നുണ്ട്?***

അമേരിക്കൻ ഭരണകൂടത്തിലെ ജൂത സ്വാധീനം വളരെ ശക്തവും ആഴമുള്ളതും വ്യാപകവുമാണ്. 'The Power of Jewish lobby in America' എന്ന പേരിൽ ഒരു പുസ്തകമുണ്ട്. അമേരിക്കയെ ജൂതലോബി എങ്ങനെ സ്വാധീനിക്കുന്നു, നിയന്ത്രിക്കുന്നു എന്നാണ് ആ പുസ്തകത്തിൽ തെളിവുകളോടെ വിവരിക്കുന്നത്. സമാനമായ വേറെയും പുസ്തകങ്ങൾ ഉണ്ടാകും.

അമേരിക്കയിലുൾപ്പെടെ ലോകത്തെങ്ങുമുള്ള ജൂതസ്വാധീനത്തെയും ഗൂഢാലോചനയെയും വിമർശിക്കുന്നതിനുപകരം എന്തുകൊണ്ട് നമുക്ക് ശരിയായതും നിയമപരവുമായ രീതിയിൽ ആ ഗൂഢാലോചനയെ മറികടക്കാനുള്ള പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നില്ല എന്ന് ചിന്തിക്കണം. എന്തുകൊണ്ട് മുസ്‌ലിം സമൂഹത്തിന് അസൂത്രിതമായി, ദീർഘകാലാധിഷ്ഠിത പദ്ധതികളുമായി മുന്നോട്ടു പോകാനാവുന്നില്ല? എതിരാളികളെ വിമർശിക്കുന്നതിന് പകരം സ്വന്തം കാലിൽ എഴുന്നേറ്റു നിൽക്കാൻ എന്തുകൊണ്ട് നമുക്ക് സാധിക്കുന്നില്ല? നമ്മുടെ നേതൃത്വവും ബുദ്ധിജീവികളും പണ്ഡിതന്മാരും ഈ ദിശയിൽ എന്ത് കാൽവെപ്പാണ് നടത്തുന്നത്? മറ്റുള്ളവരുടെ ഗൂഢാലോചനയെ കുറിച്ച് പറയുന്നതിലേറെ സ്വന്തം പ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കാനും ആസൂത്രിത പദ്ധതികൾ വിജയിപ്പിക്കാനുമാണ് നാം ശ്രമിക്കേണ്ടത്.

ജൂതന്മാർ അവരുടെ പണവും സ്വാധീനവും അസൂത്രിതമായി ഉപയോഗിക്കുന്നു. ഈ രീതിയിൽ അറബികൾ എന്തുകൊണ്ട് അവരുടെ പണം ഉപയോഗിക്കുന്നില്ല? നമ്മൾ നമ്മുടെ കഴിവും പണവും സ്വാധീനവും ഉപയോഗിക്കുന്നില്ല? നമ്മുടെ ദൗർബല്യങ്ങളെ, ആസൂത്രണമില്ലായ്മയെ ജൂതഗൂഢാലോചനയുടെയോ മറ്റോ പേരുപറഞ്ഞ് മറ്റുള്ളവരുടെ തലയിൽ കെട്ടിവെക്കാനാണ് നാം ശ്രമിക്കുന്നത്. ഇതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? വെല്ലുവിളികളെ നെഗറ്റീവായല്ല, പോസിറ്റീവായി സമീപിക്കുകയും വിജയകരമായി മറികടക്കുകയും വേണം. 'ഒരു ജനതയും സ്വയം മാറാത്ത കാലത്തോളം അല്ലാഹു അവരെ മാറ്റുകയില്ല' എന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്.

***ഒരു മാറ്റം നമുക്കിടയിൽ എങ്ങനെ സാധ്യമാകും?***

നമ്മുടെ വിദ്യാഭ്യാസ രീതി അടിമുടി മാറണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഘടനയും പാഠ്യപദ്ധതിയും അധ്യാപനവുമൊക്കെ പൊളിച്ചെഴുതണം. വിദ്യാഭ്യാസമാണ് ഒരു ജനതയെ രൂപപ്പെടുത്തുന്നത്. അതുകൊണ്ട് മാറ്റത്തിന്റെ തുടക്കം വിദ്യാഭ്യാസത്തിൽ നിന്നാവണം. നിലവിലുള്ള ഒരു സമൂഹത്തെ മാറ്റിയെടുക്കുക പ്രയാസകരമാണ്. അതേസമയം ഭാവിയിലേക്ക് വളരുന്ന ഒരു വിദ്യാർഥി സമൂഹത്തെ നമുക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിയും. കാര്യനിർവഹണശേഷി, പ്രഫഷണലിസം, ആസൂത്രണം, അച്ചടക്കം, സാംസ്കാരിക-സദാചാര ബോധം തുടങ്ങിയവ രൂപപ്പെടുത്തുന്ന രീതിയിലുള്ള മികച്ച വിദ്യാഭ്യാസം നൽകാൻ കഴിയണം. ഇസ്‌ലാമിന്റെ സാർവലൗകിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന, ഉയർന്ന വ്യക്തിത്വമുള്ളവരായി നമ്മുടെ തലമുറയെ വളർത്തിയെടുക്കണം. ഒരു ദേശത്തോ പ്രദേശത്തോ സമുദായത്തിലോ പരിമിതമായ വ്യക്തികളെയല്ല വിഭാവന ചെയ്യേണ്ടത്. സാർവലൗകിക വ്യക്തിത്വങ്ങളെയാണ്. ആഗോള വീക്ഷണം ഇനിയും നാം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്.

***മുസ്‌ലിം സമൂഹത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണ്? പണവും മനുഷ്യശേഷിയും ഉണ്ടായിട്ടും എന്തുകൊണ്ട് അവർ പ്രശ്നങ്ങളെ, വെല്ലുവിളികളെ മറികടക്കാൻ പ്രയാസപ്പെടുന്നു?***

മുസ്‌ലിം നേതൃത്വം പരാജയപ്പെട്ടിരിക്കുന്നു. നമ്മുടെ ഉലമാക്കൾ പരാജയപ്പെട്ടിരിക്കുന്നു. മുസ്‌ലിം സമുദായത്തിന്റെ നേതൃത്വം കൈയാളുന്ന ഉലമാക്കൾ വെല്ലുവിളികൾ നേരിടാൻ കെൽപ്പുള്ളവരോ പുതിയ ലോകത്ത് സമുദായത്തെ നയിക്കാൻ പ്രാപ്തരോ അല്ല. ഇമാം ഗസ്സാലിയെയും ഇബ്നുഖൽദൂനെയും പോലുള്ള ബുദ്ധിമാന്മാരായ പണ്ഡിതന്മാരായിരുന്നു ഒരുകാലത്ത് മുസ്‌ലിം സമൂഹത്തിന് നേതൃത്വം നൽകിയത്. ഇന്ന് നമ്മുടെ പരമ്പരാഗത ഉലമാക്കൾ മധ്യകാല നൂറ്റാണ്ടുകളിലെ കിതാബുകളിൽ ജീവിക്കുകയാണ്. പുതിയ കാലത്തിന്റെ വെളിച്ചം അവരുടെ തലക്കകത്തില്ല. അവരുടെ വിദ്യാഭ്യാസം പരിമിതമാണ്. മധ്യകാലത്തെ തത്വശാസ്ത്ര ഗ്രന്ഥങ്ങളല്ല ഇന്ന് ലോകത്തെ നയിക്കുന്നത്. പടിഞ്ഞാറാണ് ഇന്ന് ലോകം ഭരിക്കുന്നത്. എന്താണ് പടിഞ്ഞാറിനെ ലോക നേതൃത്വത്തിലേക്ക് ഉയർത്തിയത്, എങ്ങനെയാണവർ ലോക ജനതയെ കീഴടക്കിയത്, എങ്ങനെയാണ് മുസ്‌ലിംകൾക്കു മേൽ അവർ ആധിപത്യം നേടിയത്, എന്താണ് ഇതിനെല്ലാം അവർക്ക് കരുത്ത് പകർന്നത് എന്നെല്ലാം നാം ചിന്തിക്കണം. പടിഞ്ഞാറിന്റെ സിസ്റ്റം, ബുദ്ധിപൂർവകമായ പദ്ധതികൾ, വിദ്യാഭ്യാസരീതി.... ഇതൊക്കെയാണവരുടെ ഉയർച്ചയുടെ അടിസ്ഥാനങ്ങൾ. ■

(അടുത്ത ലക്കത്തിൽ അവസാനിക്കും)

sadarvzkd@yahoo.co.in